بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 04.09.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്‌കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## നബി(സ)തിരുമേനിയുടെ ബദരീ സ്വഹാബി ഹദ്റത്ത് സുബൈറുബ്നു അവാം(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ. بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ.

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ الرَّحۡمٰنِ الرَّحِيۡمِ ۙ مٰلِكِ يَوۡمِ الدِّيۡنِ ؕ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ

തശഹ്ഹുദും തഅവ്വുദും സൂറഃഫാതിഹയും ഓതിയ ശേഷം ഹുസൂർതിരുമനസ്സ് പറഞ്ഞു:
അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു,

اَلَّذِيۡنَ اسۡتَجَابُوۡا لِلّٰهِ وَالرَّسُوۡلِ مِنۡۢ بَعۡدِ مَاۤ اَصَابَهُمُ الۡقَرۡحُ ؕ لِلَّذِيۡنَ اَحۡسَنُوۡا مِنۡهُمۡ وَاتَّقَوۡا اَجۡرٌ عَظِيۡمٌ ۚ

(3:173)

തങ്ങൾക്ക് പരിക്കേറ്റശേഷവും അല്ലാഹുവിന്റേയും ദൂതന്റേയും വിളിക്ക് ഉത്തരം നൽകിയവർ-അവരിൽ നിന്ന് സുകൃതം ചെയ്കയും സൂക്ഷമത പാലിക്കുകയും ചെയ്തവർക്ക് മഹത്തായ പ്രതിഫലമുണ്ട്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്റത്ത് സുബൈർ(റ)നെ കുറിച്ചു ബാക്കിയുള്ള പരാമർശം ഞാൻ ഇവിടെ ഇന്ന് വിവരിക്കുന്നതാണ്. ഞാൻ ഇപ്പോൾ പാരായണംചെയ്ത ആയത്തിനെ വിവരിച്ചുകൊണ്ട് ഹദ്റത്ത് ആയിശ(റ) തന്റെ സഹോദരി പുത്രൻ ഉർവയോട് പറഞ്ഞു, അല്ലയോ എന്റെ സഹോദരീ പുത്രാ, താങ്കളുടെ പിതാവും പിതാമഹനുമായ സുബൈറും അബൂബക്കറും ഈ ആയത്തിൽ പരാമർശിക്കപ്പെട്ട സ്വഹാബാക്കളിൽ പെട്ടവരായിരുന്നു. ഉഹദ് യുദ്ധത്തിൽ നബി തിരുമേനി(സ)ന് പരിക്ക് പറ്റി. മുശ്രിക്കീങ്ങൾ തിരിച്ചുപോയപ്പോൾ തിരുനബി (സ)ന് അവരെങ്ങാനും തിരിച്ചടിക്കുമോ എന്ന ആശങ്ക ഉണ്ടായിരുന്നു. അതുകൊണ്ട് റസൂലുല്ലാഹ്(സ) ചോദിച്ചു: ആരാണ് അവരെ പിന്തുടരുക? അപ്പോൾ തന്നെ 70 സഹാബാക്കൾ അതിന് തയ്യാറായി. അബൂബക്കറും സുബൈറും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അവർ രണ്ടുപേർക്കും പരിക്കേറ്റിരുന്നു. ഹദ്റത്ത് അലി(റ) പറയുന്നു: തിരുനബി (സ) ഇങ്ങനെ പറയുന്നതായി ഞാൻ എന്റെ കാതുകൊണ്ട് കേട്ടതാണ്; ത്വൽഹയും സുബൈറും സ്വർഗത്തിൽ എന്റെ രണ്ട് അയൽവാസികളായിരിക്കും. ഹദ്റത്ത് സഅദ് ബിൻ സുബൈർ വിവരിക്കുന്നു; ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉസ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ദുർ റഹ്മാൻ(റ), ഹദ്റത്ത് സഅദ് ബ്നു സൈദ്(റ) എന്നിവരുടെ സ്ഥാനം എന്തായിരുന്നുവെന്നാൽ, അവർ രണാങ്കണത്തിൽ റസൂലുല്ലാഹ്(സ)ന്റെ മുന്നിൽ നിന്ന് യുദ്ധം ചെയ്യുകയും നമസ്കാരത്തിൽ തിരുനബി(സ)ന്റെ പിന്നിൽ നില്ക്കുകയും ചെയ്തിരുന്നു. വഹ്‌യ് എഴുത്തുകാരെ കൊണ്ട് റസൂലുല്ലാഹ്(സ) വിശുദ്ധ ഖുർആൻ എഴുതിപ്പിച്ചിരുന്നു. അവരിൽ ഹദ്റത്ത് സുബൈർ ബ്നു അവാമിന്റെ പേരും വരുന്നുണ്ട്. റസൂലുല്ലാഹ്(സ) മദീനയിൽ വീടുകളുടെ അതിരുകൾ നിർണയിച്ചപ്പോൾ ഹദ്റത്ത് സുബൈറിന് വേണ്ടി ഭൂമിയുടെ ഒരു വലിയ കഷ്ണം നിശ്ചയിക്കുകയുണ്ടായി.

ഹദ്റത്ത് സുബൈർ(റ) പറയുന്നു: ഒരിക്കൽ അദ്ദേഹത്തിന് ഒരു അൻസ്വാരി സഹാബിയുമായി, നബി (സ)ന്റെ സാന്നിദ്ധ്യത്തിൽ കനാൽവെള്ളം സംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ടായി. അതിലെ വെള്ളംകൊണ്ടാണ് അവർ രണ്ട് പേരും തങ്ങളുടെ വയലുകൾ നനച്ചിരുന്നത്. നബി(സ) കാര്യംതീർപ്പാക്കികൊണ്ട് പറഞ്ഞു: സുബൈർ, നിങ്ങൾ നിങ്ങളുടെ വയൽ നനച്ച ശേഷം അയൽവാസിയ്ക്ക് വേണ്ടി വെള്ളംവിട്ടുകൊടുക്കുക. അൻസാരിക്ക് ഇതിൽ പ്രയാസം തോന്നി. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ഇദ്ദേഹം അങ്ങയുടെ പിതൃസഹോദരിയുടെ മകനാണല്ലോ? അതുകൊണ്ടാണ് അങ്ങ് അങ്ങനെ തീർപ്പു കൽപ്പിച്ചത്. അപ്പോൾ നബി(സ) യുടെ പരിശുദ്ധ മുഖത്തിന്റെ നിറംമാറി. തിരുനബി(സ), സുബൈർ(റ)നോട് പറഞ്ഞു: ഇനി താങ്കൾ സ്വന്തം വയലുകൾ നനച്ചു കൊള്ളുക. വെള്ളം വരമ്പിന്റെ മുകൾഭാഗം എത്തുന്നവരേയും വെള്ളം തടഞ്ഞു വയ്ക്കുക. അതായത് നബി(സ) അപ്പോൾ സുബൈറിന് അദ്ദേഹത്തിന്റെ അവകാശം പൂർണമായും അനുവദിക്കുകയുണ്ടായി. അതിന് മുമ്പ് തിരുനബി(സ)യുടെ തീരുമാനത്തിൽ അൻസ്വാരിക്കും വേണ്ടിയും അവസരവും വിശാലതയും ഉണ്ടായിരുന്നു.

ഹദ്റത്ത് സുബൈർ പറയുന്നു:

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٦﴾

(4:66)

അതായത്, അങ്ങനെയല്ല, നിന്റെ നാഥനാണെ സത്യം! അവർക്കിടയിൽ ഭിന്നിപ്പുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവായി സ്വീകരിക്കുകയും എന്നിട്ട് നീ വിധിച്ച കാര്യത്തെ സംബന്ധിച്ച് അവരുടെ ഹൃദയത്തിൽ യാതൊരുവിധ പ്രയാസവും ഉണ്ടാകാതിരിക്കുകയും അവർ പൂർണമായ അനുസരണം പുലർത്തുകയും ചെയ്യുന്നതുവരെ അവർ (യഥാർഥ) വിശ്വാസികളാകുകയില്ല. എന്ന ആയത്ത് ഈ സംഭവത്തെ കുറിച്ചാണ് അവതരിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഹദ്റത്ത് സുബൈർ(റ) നിവേദനം ചെയ്യുന്നു:

ثُمَّ إِنَّكُمْ يَوْمَ الْقِيَامَةِ عِندَ رَبِّكُمْ تَخْتَصِمُونَ ﴿٣١﴾ (39:32)

അതായത് പിന്നെ നിങ്ങൾ പുനരുത്ഥാന നാളിൽ നിങ്ങളുടെ നാഥന്റെ മുമ്പിൽ തർക്കിക്കുന്നതാണ് എന്ന ആയത്ത് അവതരിച്ചപ്പോൾ അദ്ദേഹം ചോദിച്ചു: യാ റസൂലല്ലാഹ്, ഞങ്ങളുടെ ഭൗതിക വഴക്കുകളാണോ ഉദ്ദേശിക്കുന്നത്? തിരുനബി(സ) പറഞ്ഞു: അതെ!

ثُمَّ لَتُسْأَلُنَّ يَوْمَئِذٍ عَنِ النَّعِيمِ ﴿٨﴾ (102:9)

അതായത്, അന്ന് നിങ്ങൾ അനുഗ്രഹങ്ങളെ സംബന്ധിച്ച് ചോദിക്കപ്പെടും എന്ന ആയത്ത് അവതരിച്ചപ്പോൾ ഹദ്റത്ത് സുബയ്ർ(റ) ചോദിച്ചു: യാ റസൂലുല്ലാഹ്! ഞങ്ങളോട് ഏത് അനുഗ്രഹങ്ങളെ സംബന്ധിച്ചാണ് ചോദിക്കുക, ഞങ്ങളുടെ പക്കൽ ഈത്തപ്പഴങ്ങളും വെള്ളവും മാത്രമാണുള്ളത്. തിരുനബി(സ) പറഞ്ഞു: ഓർക്കുക, അനുഗ്രഹങ്ങളുടെ കാലവും ഉടനെ വന്നെത്തുന്നതാണ്.

ഒരു മഹാത്മാവ് ഹദ്റത്ത് സുബൈറിനോട് പറഞ്ഞു; ഞാൻ താങ്കളുടെ ശരീരത്തിൽ കണ്ട അത്രയും മുറിവുകളുടെ പാടുകൾ ഇന്നേവരെ ആരുടെയും ശരീരത്തിൽ കണ്ടിട്ടില്ല. അദ്ദേഹം മറുപടിയായി പറഞ്ഞു: അല്ലാഹുവാണെ സത്യം! ഈ എല്ലാ മുറിവുകളും അല്ലാഹുവിന്റെ മാർഗത്തിൽ, റസൂലുല്ലാഹ്(സ)ന്റെ കൂടെ യുദ്ധം ചെയ്തപ്പോൾ ഉണ്ടായതാണ്.

ഹദ്റത്ത് സുബൈറിന് ആയിരം അടിമകൾ ഉണ്ടായിരുന്നു. അവർ ഭൂമിയിൽ നിന്നു കിട്ടുന്ന ഉല്പന്നങ്ങൾ കൊടുത്തിരുന്നു. അദ്ദേഹം അതിൽ നിന്ന് ഒന്നും തന്നെ വീട്ടിലേക്ക് കൊണ്ടു വന്നിരുന്നില്ല. എല്ലാംസദ്ഖ ചെയ്തിരുന്നു. ഹദ്റത്ത് ഉമർ പറയുന്നു: ഹദ്റത്ത് സുബയ്ർ ദീനിന്റെ സ്തംഭങ്ങളിൽ ഒരു സ്തംഭമാകുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു സുബയ്ർ നിവേദനം ചെയ്യുന്നു, ഹദ്റത്ത് സുബയ്ർ, ജമൽ യുദ്ധ ദിവസം എന്നെ വിളിച്ചു. അദ്ദേഹം പറഞ്ഞു: പ്രിയ മകനേ! ഇന്ന് മർദ്ദിതനായ നിലയിൽ ഞാൻ വധിക്കപ്പെടുന്നതാണ്. തുടർന്ന് പറയുന്നു, അല്ലയോ എന്റെ മകനേ! മുതൽ വിറ്റ് കടം വീട്ടുക. ഞാൻ മൂന്നിലൊന്ന് ഒസ്യത്ത് ചെയ്യുകയാണ്. മൂന്നാമത്തെ പങ്കിനെ പറ്റി വസിയ്യത്ത് ചെയ്യുകയാണ്. കടം വീട്ടിയതിനുശേഷം ബാക്കിയാകുന്നതിൽ മൂന്നിലൊന്ന് നിന്റെ മക്കൾക്കുള്ളതാണ്. തുടർന്ന് ഹദ്റത്ത് സുബൈർ പറഞ്ഞു: എന്റെ മകനേ! ഈ കടം വീട്ടുന്നതിൽ നീ നിസ്സഹായനായാൽ എന്റെ യജമാനനോട് ചോദിക്കുക. അബ്ദുല്ലാഹ് ബിനു സുബൈർ പറയുന്നു: ഞാൻ ചോദിച്ചു: ആരാണ് താങ്കളുടെ യജമാനൻ! ഹദ്റത്ത് സുബൈർ പറഞ്ഞു: അല്ലാഹു. പിന്നെ ഞാൻ അദ്ദേഹത്തിന്റെ കടത്തിനുള്ള പ്രയാസത്തിൽ അകപ്പെടുമ്പോഴെല്ലാം ഞാൻ പറയുമായിരുന്നു, അല്ലയോ സുബയ്റിന്റെ യജമാനരേ! അദ്ദേഹത്തിന്റെ കടം വീട്ടിയാലും! അത് അവൻ(യജമാനൻ) വീട്ടിയിരുന്നു. അതായത് അല്ലാഹു എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിരുന്നു. ആ കടങ്ങൾ വീട്ടാള്ള സാഹചര്യം ഒരുക്കിയിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് അലി(റ)ന്റെ ഖിലാഫത്ത് തെരഞ്ഞെടുപ്പിന്റെ സംഭവങ്ങൾ വിവരിച്ച് കൊണ്ട് പറയുന്നു: ഹദ്റത്ത് ഉസ്മാന്റെ ശഹാദത്ത് നടന്നപ്പോൾ, മുസ്‌ലിംകൾക്കിടയിൽ കുഴപ്പം വർദ്ധിക്കുകയാണെന്ന് കണ്ട മദീനയിൽ ഉണ്ടായിരുന്ന സഹാബാക്കൾ ഹദ്റത്ത് അലിയെ ബയ്അത്ത് സ്വീകരിക്കാൻ സമ്മർദ്ദം ചെലുത്തി. ബയ്അത്ത് സ്വീകരിക്കാൻ അദ്ദേഹം നിർബന്ധിക്കപ്പെട്ടപ്പോൾ നിരവധി തവണ, അത് നിരാകരിച്ചതിനുശേഷം അദ്ദേഹം ആ ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ട് ബയ്അത്ത് സ്വീകരിക്കാൻ തുടങ്ങി. ചില ഉന്നത സ്വഹാബാക്കൾ മദീനക്ക് പുറത്തായിരുന്നു. ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബൈർ എന്നിവരെ സംബന്ധിച്ച് ഹകീം ബ്നു ജബ്‌ലയേയും മാലിക് ബ്നു അശ്തറിനേയും ഏതാനും ആളുകളോടൊപ്പം അവരുടെ അടുത്തേക്ക് അയക്കുകയുണ്ടായി. അവർ വാളിന്റെ മുൾമുനയിൽ നിർത്തി ബയ്അത്ത് ചെയ്യാൻ അവരെ നിർബന്ധിക്കുകയുണ്ടായി. ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്യുന്നെങ്കിൽ ചെയ്യുക. അല്ലെങ്കിൽ ഇപ്പോൾ ഞങ്ങൾ നിങ്ങളെ കൊന്നുകളയുന്നതാണ്. അങ്ങനെ അവർ ബയ്അത്ത് ചെയ്തപ്പോൾ പറഞ്ഞു; ഹദ്റത്ത് ഉസ്മാന്റെ ഘാതകരോട് പ്രതികാരം ചെയ്യണമെന്ന നിബന്ധനയിലാണ്

ഞങ്ങൾ ബയ്അത്ത് ചെയ്യുന്നത്. എന്നാൽ പിന്നീട് ഹദ്റത്ത് അലിക്ക് ഘാതകരോട് പ്രതികാരം ചെയ്യുന്നതിൽ വേഗതയില്ലെന്ന് കണ്ടപ്പോൾ അവർ ബയ്അത്തിൽ നിന്ന് വിട്ടുമാറുകയാണുണ്ടായത്. അങ്ങനെ അവർ മദീനയിലേക്ക് പോയി. ഹദ്റത്ത് ഉസ്മാന്റെ വധത്തിൽ ഭാഗഭാക്കായ വിഭാഗത്തിലെ ചില ആളുകൾ, ഹദ്റത്ത് ആയിശ(റ)യുടെ അടുക്കലെത്തി, ഉസ്മാന്റെ ചോരക്ക് പകരം ചോദിക്കാൻ യുദ്ധ പ്രഖ്യാപനം നടത്തുന്നതിന് അവരെ പ്രേരിപ്പിക്കുകയുണ്ടായി. അങ്ങനെ അവർ വിളംബരം നടത്തുകയും സ്വഹാബാക്കളെ സഹായത്തിന് വിളിക്കുകയുംചെയ്തു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബൈറും അവരോടൊപ്പം കൂടി. ഇത് ജമൽ യുദ്ധം എന്നറിയപ്പെടുന്നു. ഈ യുദ്ധത്തിന്റെ ആരംഭത്തിൽ തന്നെ ഹദ്റത്ത് സുബൈർ, ഹദ്റത്ത് അലിയിൽ നിന്ന് തിരുനബി(സ)ന്റെ ഒരു ഹദീസ് കേട്ടപ്പോൾ പിന്മാറി. അതിൽ നബി(സ) ഹദ്റത്ത് സുബൈറിനോട് പറഞ്ഞു: നീ ഹദ്റത്ത് അലിയോട് യുദ്ധം ചെയ്യും. അക്രമം നിന്റെ ഭാഗത്ത് നിന്നായിരിക്കും. ഹദ്റത്ത് സുബയ്ർ പ്രാരംഭത്തിൽ തന്നെ പിന്മാറുകയും ഹദ്റത്ത് അലിയോട് യുദ്ധം ചെയ്യുകയില്ലെന്ന് അല്ലാഹുവിനെ ആണയിട്ടുകൊണ്ട് പറയുകയുംചെയ്തു. മറുഭാഗത്ത് ഹദ്റത്ത് ത്വൽഹയും തന്റെ വഫാത്തിനു മുൻപ് ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്യുകയുണ്ടായി.

ഹുസൂർ തിരുമനസ്സ് പറയുന്നു; ഹദ്റത്ത് സുബൈർ, മദീനയിലേക്ക് തിരിച്ച് പോകാൻ ഒരുങ്ങി. യാത്ര പുറപ്പെട്ടു. ഉമയ്ർ ബിനു ജർമൂസ് കുതിരയിൽ സവാരി ചെയ്തുകൊണ്ട് അദ്ദേഹത്തെ പിന്തുടരുകയും കുന്തം കൊണ്ട് ഹദ്റത്ത് സുബൈറിനെ ആക്രമിക്കുകയും ചെറിയൊരു പരിക്ക് ഏല്പിക്കുകയും ചെയ്തു. ഇബ്നു ജർമൂസ് താൻ കൊല്ലപ്പെടുമെന്ന് മനസ്സിലാക്കിയപ്പോൾ തന്റെ രണ്ട് സുഹൃത്തുക്കളേയും വിളിച്ചു. അവർ ഒന്നിച്ചു ചേർന്ന് അക്രമിക്കുകയും ഹദ്റത്ത് സുബൈറിനെ ശഹീദാക്കുകയും ചെയ്തു. ഹദ്റത്ത് സുബൈറിനെ ശഹീദാക്കിയ ശേഷം, ഇബ്നു മർജൂസ് അദ്ദേഹത്തിന്റെ (ഹദ്റത്ത് സുബൈറിന്റെ) ശിരസും വാളും ഹദ്റത്ത് അലിയുടെ സവിധത്തിൽകൊണ്ടു വന്നു. ഇബ്നു ജർമൂസ് അകത്തേക്ക് കടക്കാൻ അനുവാദം ചോദിച്ചു. ഹദ്റത്ത് അലി പറഞ്ഞു, സ്വഫിയയുടെ മകൻ ഹദ്റത്ത് സുബൈറിനെ വധിച്ചവൻ നരകത്തിൽ പ്രവേശിക്കട്ടെ! ഹദ്റത്ത് സുബൈറിനെ സവാ താഴ്വരയിലാണ് ഖബറടക്കിയത്. ഒരു നിവേദനത്തിൽ പറയുന്നു; ഇബ്നു ജർമൂസ്, ഹദ്റത്ത് അലിയോട് അനുവാദം ചോദിച്ചപ്പോൾ, ഹദ്റത്ത് അലി അയാളിൽ നിന്ന് വിദൂരസ്ഥനാകാനാണ് ആഗ്രഹിച്ചത്. അപ്പോൾ അയാൾ ചോദിച്ചു: സുബൈർ പ്രശ്നമുണ്ടാക്കുന്നവരിൽ ഉൾപ്പെടുന്നില്ലേ? ഹദ്റത്ത് അലി പറഞ്ഞു: ത്വൽഹയും സുബയ്റും, അല്ലാഹു

وَنَزَعۡنَا مَا فِیۡ صُدُوۡرِہِمۡ مِّنۡ غِلٍّ اِخۡوَانًا
عَلٰی سُرُرٍ مُّتَقٰبِلِیۡنَ ﴿۴۸﴾

(15:48)

അതായത്, നാം അവരുടെ ഹൃദയങ്ങളിലെ പൊടിപടലങ്ങളെ ഇല്ലാതാക്കുന്നതാണ്. അങ്ങനെ അവർ കട്ടിലുകളിൽ സഹോദരങ്ങളായി മുഖാമുഖം ഇരിക്കുന്നതാണ് എന്ന് പറഞ്ഞവരുടെ കൂട്ടത്തിൽ ആയിരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഖുത്ബയുടെ അവസാനം ഹുസൂർ തിരുമനസ്സ്, ഗാംബിയയിലെ നാഇബ് അമീർ അൽഹാജി ഇബ്റാഹീം മുബാഇ സാഹിബ്, കറാച്ചി നാഇബ് അമീർ ജനാബ് നഈം അഹ്മദ് ഖാൻ സാഹിബ്, ബുശ്റാ ബേഗം സാഹിബ (ജർമനി)എന്നിവരുടെ സ്വഭാവ മഹിമകൾ അനുസ്മരിച്ച് കൊണ്ട് ജുമുഅ നമസ്കാരത്തിന് ശേഷം അവരുടെ ജനാസ നമസ്കാരം നിർവഹിക്കുമെന്ന് വിളംബരം ചെയ്തു.

اَلۡحَمۡدُ لِلّٰہِ نَحۡمَدُہٗ وَ نَسۡتَعِیۡنُہٗ وَ نَسۡتَغۡفِرُہٗ وَنُؤۡمِنُ بِہٖ وَ نَتَوَکَّلُ
عَلَیۡہِ وَنَعُوۡذُ بِاللّٰہِ مِنۡ شُرُوۡرِ اَنۡفُسِنَا وَ مِنۡ سَیِّئَاتِ اَعۡمَالِنَا مَنۡ
یَّھۡدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنۡ یُّضۡلِلۡہُ فَلَا ھَادِیَ لَہٗ - وَ نَشۡھَدُ اَنۡ لَّا
اِلٰہَ اِلَّا اللّٰہُ وَنَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ- عِبَادَ اللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاۡمُرُ بِالۡعَدۡلِ وَ الۡاِحۡسَانِ وَ اِیۡتَآءِ ذِی الۡقُرۡبٰی وَ یَنۡھٰی
عَنِ الۡفَحۡشَآءِ وَ الۡمُنۡکَرِ وَ الۡبَغۡیِ یَعِظُکُمۡ لَعَلَّکُمۡ تَذَکَّرُوۡنَ
اُذۡکُرُوا اللّٰہَ یَذۡکُرۡکُمۡ وَ ادۡعُوۡہُ یَسۡتَجِبۡ لَکُمۡ وَلَذِکۡرُ اللّٰہِ اَکۡبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 04.09.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516